# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2355**      **23.3.2012-ൽ മറുപടിക്ക്**

## ഇ-മാലിന്യ സംസ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ: | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| നഗരങ്ങളിൽ ഇ-മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുമോ ; എങ്കിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷനുകളിൽ ആയതിന് തുടക്കം കുറിക്കുമോ ? | നഗരഖരമാലിന്യത്തിന്റെ കാര്യത്തിൽ നിയമപ്രകാരം കൈക്കൊള്ളേണ്ട നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ഇ-മാലിന്യങ്ങൾ ശാസ്ത്രിയമായി സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനായി വളരെ കുറച്ച് ഏജൻസികൾ മാത്രമാണ് രാജ്യത്തു തന്നെ നിലവിലുള്ളത്. ബാംഗ്ലൂരിലെ 'ഇ-പരിസര' എന്ന സ്ഥാപനത്തിലും, ചെന്നെയിലെ തൃഷിരിയ എന്ന സ്ഥാപനത്തിലുമാണ് ദക്ഷിണേന്ത്യയിൽ ഇതിനുള്ള ശാസ്ത്രീയ സംവിധാനം നിലവിലുള്ളത്. ഇ-മാലിന്യത്തിന്റെ-ശാസ്ത്രീയമായ സംസ്കരണത്തിനായി ചില നടപടികളുമായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ശുചിത്വമിഷൻ മുന്നോട്ടു പോയിരുന്നു. ഇത്തരത്തിലുള്ള മാലിന്യങ്ങൾ ശേഖരിച്ച്, മുകളിൽപ്പറഞ്ഞ ഏജൻസികളെ ഏൽപ്പിക്കാനുള്ള ശ്രമം നടത്തിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ 2010 സെപ്റ്റംബറിൽ ഇതു സംബന്ധിച്ച് പുതുതായി ഒരു കരട് ചട്ടം വിജ്ഞാപനം ചെയ്ത് പ്രസിദ്ധീകരിച്ച ചട്ടങ്ങൾ പ്രകാരം Extended Producer Responsibility (EPR) എന്ന സംവിധാനത്തിനാണ് ഊന്നൽ നൽകുന്നത്. ആയതു പ്രകാരം വിവിധ തരം ഇ-മാലിന്യങ്ങൾ, അവ ഉപയോഗ ശൂന്യമാകുമ്പോൾ ശേഖരിക്കാനുള്ള |

ഉത്തരവാദിത്വം, ഇത്തരം സാധനങ്ങളുടെ നിർമ്മാതാക്കളുടേതായി മാറിയിട്ടുണ്ട്. അതിനാൽ ഈ വിഷയത്തിൽ അന്തിമ കേന്ദ്ര നിയമം പ്രാബല്യത്തിൽ വന്നാൽ മാത്രമേ കൂടുതൽ വ്യക്തത ഉണ്ടാവുകയുള്ളൂ. അതിനുശേഷം ഇ-മാലിന്യങ്ങൾ നഗരസഭകൾ നേതൃത്വം കൊടുത്ത് ശേഖരിക്കണമെന്ന് അനുശാസിക്കുന്നുങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്. ഇതിനു വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ട ചുമതല സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനാണ്.

സെക്ഷൻ ഓഫീസർ